LIBRARY ARCHIVES Kerala Legislative Assembly

സഹകരണത്തോടെ, ലഹരി വിരുദ്ധ സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നു. മദ്യത്തിന്റെ ദുഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ശക്തവും, നൂതനവുമായ പരിപാടികൾ നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി സെമിനാറുകൾ സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവു നാടകം മുതലായവ നടത്തി വരുന്നു. ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി ദുരന്ത ലഹരി എന്ന പേരിൽ ഒരു ഡോക്യൂമെന്ററി പ്രക്ഷേപണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

വ്യാജമദ്യം

85 (5490) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജമദ്യം തടയുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം, വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) അനധികൃത മദ്യവിൽപ്പന ഉത്സവകാലങ്ങളിലും മറ്റും തടയുന്നതിന് പ്രത്യേകമായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2006 - 355 കേസ്സുകൾ
2007 - 499 കേസ്സുകൾ
2008 - 489 കേസ്സുകൾ
2009 - 430 കേസ്സുകൾ
2010 - 187 കേസ്സുകൾ (30-6-2010 വരെ)
ആകെ - 1960 കേസ്സുകൾ

(ബി) ഉത്സവ കാലങ്ങളിലും മറ്റും അനധികൃത മദ്യവിൽപ്പന തടയുന്നതിനായി ജില്ലാതല, താലൂക്ക്തല കൺട്രോൾ റൂമുകൾ ആരംഭിക്കുകയും ഹൈവേ പട്രോളിംഗ്, ജില്ലാ അതിർത്തി പ്രദേശങ്ങളായ മാഹി, പക്രംതളം, അടിവാരം എന്നിവിടങ്ങളിൽ കേന്ദ്രീകരിച്ച് പ്രത്യേക വാഹന പരിശോധനാ സംഘങ്ങളെ നിയോഗിക്കുകയും പ്രധാന സ്റ്റേറ്റ് ഹൈവേകൾ ഊടുവഴികൾ എന്നിവ കേന്ദ്രീകരിച്ച് വാഹന പരിശോധന നടത്തുകയും ചെയ്യുന്നു. ജനകീയ കമ്മിറ്റികൾ വിളിച്ചുചേർത്ത് വ്യാജമദ്യത്തിന്റെ നിർമ്മാണം, വിതരണം, വിപണനം എന്നിവയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും മദ്യ-മയക്കുമരുന്നു വിപണനത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. കള്ള് ഷാപ്പുകളിൽ കർശന നിരീക്ഷണം നടത്തി സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നു.